**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. **432** | **29.10.2019** - ൽ മറുപടിക്ക് |
|---|---|

# പ്രളയ സെസ്സും നികുതി കടിശ്ശികയും

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. വി.എസ്. ശിവകുമാർ : | | ഡോ.ടി.എം.തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | 2019 ആഗസ്റ്റ്- ൽ പ്രളയ സെസ് ഏർപ്പെടുത്തിയശേഷം നാളിതുവരെ എത്ര തുകയാണ് പ്രളയ സെസ് ആയി ലഭിച്ചിട്ടുള്ളതെന്നും രണ്ടുവർഷം കൊണ്ട് എത്ര തുകയാണ് പ്രളയ സെസ് ആയി സ്വരൂപിക്കാൻ തീരുമാനിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ; | (എ) | 2019 ആഗസ്റ്റിൽ പ്രളയ സെസ്സ് ഏർപ്പെടുത്തിയ ശേഷം 24.10.2019 വരെ 164.8 കോടി രൂപ ലഭിച്ചിട്ടുണ്ട്. രണ്ടുവർഷം കൊണ്ട് 1200 കോടി രൂപയാണ് പ്രളയസെസ്സ് ആയി സ്വരൂപിക്കാൻ തീരുമാനിച്ചിട്ടുള്ളത്. |
| (ബി) | നികുതി കടിശ്ശികയിനത്തിൽ നാളിതുവരെ എത്ര തുകയാണ് പരിഞ്ഞുകിട്ടാനുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) | നികുതി കടിശ്ശികയിനത്തിൽ 30.09.2019 വരെ 13717.90 കോടി രൂപയാണ് പിരിഞ്ഞു കിട്ടാനുള്ളത്. ഇതിൽ പിരിച്ചെടുക്കാവുന്ന തുക 3743.69 കോടി രൂപയാണ്. |
| (സി) | നികുതി കടിശ്ശിക സമയബന്ധിതമായി പിരിച്ചെടുക്കാൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ; | (സി) | നികുതി കടിശ്ശിക സമയബന്ധിതമായി പിരിച്ചെടുക്കാൻ സ്വീകരിച്ച കർമ്മ പദ്ധതികൾ ചുവടെ ചേർക്കുന്നു.<br><br>1. അപ്പീൽ കേസുകളും കോടതി കേസുകളും എത്രയും വേഗം തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.<br><br>2. അപ്പീൽ കേസുകൾ വേഗത്തിൽ തീർപ്പാക്കുന്നതിന് വേണ്ടി കൂടുതലായി 4 ഡെപ്യൂട്ടി കമ്മീഷണർ (അപ്പീൽസ്) പോസ്റ്റും 12 അസിസ്റ്റന്റ് കമ്മീഷണർ (അപ്പീൽസ്) പോസ്റ്റും കൂടുതലായി അനുവദിച്ചു.<br><br>3. റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തുന്നതിന് വേണ്ടി ധനകാര്യം, റവന്യൂ വകുപ്പ് മന്ത്രിമാരുടെ നേതൃത്വത്തിൽ ജില്ലാകളക്ടർമാരുടെ മീറ്റിംഗ് വിളിച്ച് വേണ്ട നിർദ്ദേശം നൽകി. |

| | | | |
|---|---|---|---|
| | | | 4. നികുതി കുടിശ്ശികകൾ തീർപ്പാക്കുന്നതിന് ആകർഷകമായ ആംനസ്റ്റി പദ്ധതി നടപ്പിൽ വരുത്തി. ആംനസ്റ്റി സ്വീകരിച്ചവർക്ക് കുടിശ്ശിക തവണ വ്യവസ്ഥയിൽ 2020 മാർച്ച് 31 വരെ അടയ്ക്കുവാൻ സാവകാശം ഉണ്ട്.<br><br>5. കുടിശ്ശികകൾ ഊർജ്ജിതമായി പിരിച്ചെടുക്കുന്നതിന് ജില്ലാ തലത്തിലും സംസ്ഥാന തലത്തിലും പ്രതിമാസ അവലോകന യോഗം കൂടി പുരോഗതി വിലയിരുത്തുന്നു. |
| (ഡി) | 2018 ഒക്ടോബർ മുതൽ നാളിതുവരെ എത്ര തുകയാണ് നികുതി കുടിശ്ശിക പിരിച്ചെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ഡി) | 2018 ഒക്ടോബർ മുതൽ 30.09.2019 വരെ 136.34 കോടി രൂപ നികുതി കുടിശ്ശികയായി പിരിച്ചെടുത്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**